പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3206 21.06.2013 - ൽ മറുപടിയ്ക്ക്

## സ്നേഹ സാന്ത്വനം പദ്ധതി

ചോദ്യം

ശ്രീ. ലൂഡി ലൂയിസ്
'' കെ. ശിവദാസൻ നായർ
'' പാലോട് രവി
'' എ. റ്റി. ജോർജ്

ഉത്തരം

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്നേഹ സാന്ത്വനം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഇവരുടെ ദൈനംദിന ചെലവുകൾക്കുള്ള തുക പ്രതിമാസ ധനസഹായമായി അനുവദിക്കുകയെന്നതാണ് സ്നേഹസാന്ത്വനം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിനടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ആരോഗ്യ വകുപ്പും കാസർഗോഡ് ജില്ലാ കളക്ടറും സാമൂഹ്യ സുരക്ഷാ മിഷനും ഈ പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. |
| (സി) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് എന്തെല്ലാം സഹായങ്ങളാണ് പദ്ധതി മുഖാന്തിരം നൽകുന്നത് ; | (സി) | ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗപെൻഷൻ ലഭിക്കാത്തവർക്ക് 2000/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരിൽ രോഗബാധിതരായ മറ്റുള്ളവർക്ക് 1000/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു. |
| (ഡി) | പദ്ധതിയ്ക്കായി തുക ചെലവഴിക്കുന്നതിൽ മുൻ സർക്കാരിനെക്കാളും പുരോഗതി ഈ സർക്കാരിന്റെ കാലത്ത് നേടിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഈ സർക്കാരിന്റെ കാലത്ത് സ്നേഹ സാന്ത്വനം പദ്ധതിക്കു പുറമേ എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം വർദ്ധിപ്പിച്ച് നൽകുകയും എൻഡോസൾഫാൻ ദുരിത |

| | | | |
|---|---|---|---|
| | | | ബാധിതരിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം, എൻഡോസൾഫാൻ ദുരിത ബാധിതരിൽ കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700/- രൂപാ നിരക്കിൽ ധനസഹായം എന്നീ പുതിയ സംരംഭങ്ങൾ കൂടി ആരംഭിച്ചതിനെത്തുടർന്ന് തുക ചെലവഴിക്കുന്നതിൽ പുരോഗതി നേടിയിട്ടുണ്ട്. 2010-11 വർഷത്തിൽ പദ്ധതി നടത്തിപ്പിന് 1,79,16,580/- രൂപ ചെലവഴിച്ചപ്പോൾ 2011-12-ൽ 9,20,41,895/- രൂപയും 2012-13-ൽ 26,47,62,440/- രൂപയും ചെലവഴിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ